യെഹോവയിൽ ആശ്രയം വെച്ചീടുന്നവർ

എന്നേക്കും നിൽക്കുന്ന സീയോ**ൻ** പർവതം പോ **ൽ**

കുലുങ്ങുകയില്ല പതരുകയില്ല

പ്രതികൂലങ്ങളിൽ ഉറച്ചു നിന്നീടും. (2) യെഹോവയിൽ.......

സർവ്വശക്തിയുള്ള മഹാ ദൈവത്തി**ൻ**

കരത്തിനുള്ളിലുണ്ട് സദാ സംര ക്ഷ ണം

വീര്യ ഭുജം നീട്ടി ദുർഘടങ്ങൾമാറ്റി

വഴിതുറന്നവൻ നടത്തിടുമെന്നും. (2) യെഹോവയിൽ.......

ഒരുനാളും നമ്മെ കൈവിടുകയില്ല

അനാഥരായ് നമ്മെ ഉപേക്ഷിക്കയില്ല

കൂടെ വസിച്ചിടും കൂട്ടുകരെത്തരും

ശുഭകരമായി പ്രവർത്തി**പ്പി**ച്ചീടും. (2) യെഹോവയിൽ.......

പരിശുദ്ധാത്മാവിൻ അത്യന്ത ശക്തിയാ**ൽ**

മൺകൂടാരമെന്നും ബലപ്പെടുത്തീടും

പുതുജീവനേകും പുതുകൃപ**നൽകും**

തിരുഹിതം നമ്മിൽ നിവർത്തിച്ചെടുക്കും. (2) യെഹോവയിൽ.......

വിശ്വസ്തരായ് നിൽക്കാം വിശുദ്ധരായീടാം

വിളക്ക് തെളിക്കാം **വേ**ലതികയ്ക്കാം

കാഹളംധ്വനിക്കും കാത്തിരിക്കും ശുദ്ധർ

പറന്നുയർന്നീടും കാന്തനെ കാണുവാ**ൻ** (2) യെഹോവയിൽ.......